(ഡി&ഇ) കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിച്ചത് 2008-ന ശേഷം 2014-ൽ മാത്രമാണ്. 2014-ലെ വർദ്ധനവിനു മുമ്പ് ജല അതോറിറ്റിയുടെ പ്രതിമാസ റവന്യൂ കമ്മി 26.43 കോടി രൂപയായിരുന്നു. വർദ്ധനവുമൂലം ഇത് ഗണ്യമായി കുറയുമെന്ന് പ്രതീക്ഷിച്ചിരുന്നു എങ്കിലും ആദ്യത്തെ 15 കിലോലിറ്റർ വരെയുള്ള ഉപഭോക്താക്കൾക്ക് യാതൊരു വർദ്ധനവും വരുത്താത്തതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് അനുവദിച്ചിരുന്ന സൗജന്യം 15 കിലോ ലിറ്റർ വരെയാക്കിയതും ഉദ്ദേശിച്ച റവന്യൂ വർദ്ധനവിൽ 82.15 കോടി രൂപയോളം കുറഞ്ഞു. ശമ്പള-പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയതും ഡി.എ. വർദ്ധനവും പദ്ധതികളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ ചെലവുകളിൽ വന്ന വർദ്ധനവ് റവന്യൂ വർദ്ധനവിന് ആനുപാതികമല്ലാതിരുന്നതും റവന്യൂ കമ്മി വർദ്ധിപ്പിച്ചു. ടി റവന്യൂ കമ്മിമൂലം കെ.എസ്.ഇ.ബി.എൽ.-ന് മാസാമാസം അടയ്ക്കേണ്ടതായ വൈദ്യുതി ചാർജ്ജ് യഥാസമയം അടയ്ക്കാൻ സാധിക്കാത്തതിനാൽ വെള്ളക്കര വർദ്ധനവ് അനിവാര്യമായിരുന്നു. ജല അതോറിറ്റിയുടെ മിക്കവാറും പദ്ധതികൾ എല്ലാംതന്നെ കാലപ്പഴക്കം ചെന്നതാണ്. ഈ പദ്ധതികളുടെ വിതരണ ശൃംഖലകളുടെ കാര്യക്ഷമതയും അടിക്കടിയുള്ള റോഡ് വികസനവും പൈപ്പ് പൊട്ടാൻ ഇടയാകുകയും ഇതുമൂലമുള്ള കുടിവെള്ള നഷ്ടത്താൽ വരുമാന നഷ്ടം സംഭവിക്കുന്നുമുണ്ട്. ജലമോഷ്ടാവ് തടയുന്നതിനായി ഉപയോഗശൂന്യവും കാലപ്പഴക്കം ചെന്നതുമായ വിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ടി പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ജലമോഷ്ടാവ് വഴിയുള്ള വരുമാന നഷ്ടം പരമാവധി കുറയ്ക്കാൻ സാധിക്കും. പിരിഞ്ഞുകിട്ടാനുള്ള യഥാർത്ഥ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

മട്ടന്നൂർ പ്രോജക്ട് ഡിവിഷൻ

203 (904) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കേരള ജല അതോറിറ്റിയുടെ മട്ടന്നൂർ പ്രോജക്ട് ഡിവിഷന് കീഴിൽ 2011-2016 കാലയളവിൽ എത്ര പുതിയ പ്രവൃത്തികൾ അനുവദിക്കുകയുണ്ടായി ;

(ബി) കണ്ണൂർ ജില്ലയിലെ മലയോരമേഖലകളായ മട്ടന്നൂർ, പേരാവൂർ, ഇരിക്കൂർ, കൂത്തുപറമ്പ് നിയോജക മണ്ഡലങ്ങളിലെ ശുദ്ധജലവിതരണ പ്രവർത്തനങ്ങളുടെ മേൽനോട്ടവും നടത്തിപ്പും മട്ടന്നൂർ പ്രോജക്ട് ഡിവിഷനെ ഏൽപ്പിച്ച് മട്ടന്നൂർ പ്രോജക്ട് ഡിവിഷന്റെ ശാക്തീകരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ ഭരണാനുമതി ലഭിച്ചിട്ടുള്ള കേളകം - കണിച്ചാർ - കൊട്ടിയൂർ ശുദ്ധജലവിതരണ പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പും മേൽനോട്ടവും മട്ടന്നൂർ പ്രോജക്ട് ഡിവിഷനെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആസ്ഥാനമായ മട്ടന്നൂർ അതിവേഗം വളരുന്ന ഒരു നഗരം എന്ന പരിഗണന നൽകിയും സമീപ നിയോജക മണ്ഡലങ്ങളിൽ ശ്രീകണ്ഠാപുരം, ഇരിട്ടി, പാനൂർ എന്നി മൂന്ന് പുതിയ നഗരസഭകൾ നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിലും, നിലവിലുള്ള ശുദ്ധജല വിതരണ സൗകര്യങ്ങൾ വ്യാപിപ്പിക്കുകയും പുതിയ പദ്ധതികൾ ആരംഭിക്കുകയും ചെയ്യേണ്ടതിനാൽ കേരള ജല അതോറിറ്റിയുടെ മട്ടന്നൂർ പ്രോജക്ട് ഡിവിഷൻ ഓഫീസിന്റെ ശാക്തീകരണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) മട്ടന്നൂർ പ്രോജക്ട് ഡിവിഷൻ ഓഫീസിൽ ഡിവിഷണൽ അക്കൗണ്ടന്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മട്ടന്നൂർ ഡിവിഷന് കീഴിൽ ഏഴ് പദ്ധതികൾ അനുവദിച്ചിരുന്നു.

1. മട്ടിണിക്കും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി.
2. തൃപ്പങ്ങോട്ടൂർ (എ. ആർ. ഡബ്ലൂ. എസ്.എസ്.) (പ്ലാൻ)
3. കൊളച്ചേരി (എ.ആർ.ഡബ്ലൂ. എസ്.എസ്.)
4. ഇരിക്കൂർ (എ. ആർ. ഡബ്ലൂ. എസ്.എസ്.)
5. തൃപ്പങ്ങോട്ടൂർ (എ.ആർ.ഡബ്ലൂ. എസ്.എസ്.)(തടയണ)
6. എളയാവൂർ (എൽ.എ.സി.എ.ഡി.എഫ്.)
7. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട്

(ബി) പരിശോധിച്ച് ആവശ്യമെങ്കിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേളകം, കണിച്ചാർ, കൊട്ടിയൂർ ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവർത്തനം നിലവിൽ കണ്ണൂർ പ്രോജക്ട് ഡിവിഷന്റെ പരിധിയിലാണ്. മട്ടന്നൂർ പ്രോജക്ട് സബ് ഡിവിഷനെ ഏൽപ്പിക്കുന്ന കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ആകെ പ്രോജക്ടുകളുടെ സ്ഥിതി അനുസരിച്ച് പ്രോജക്ട് ഡിവിഷനുകളുടെ അതിർത്തി പുനഃക്രമീകരിക്കുവാനാണ്. പ്രസ്തുത വിഷയം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഇ) തളിപ്പറമ്പ് ഡിവിഷൻ ഓഫീസ് ശ്രീകരിച്ചപ്പോൾ മട്ടന്നൂർ പ്രോജക്ട് ഡിവിഷനിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തിക തളിപ്പറമ്പിലേയ്ക്ക് മാറ്റിയതിനാൽ നിലവിൽ മട്ടന്നൂർ പ്രോജക്ട് ഡിവിഷനിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തിക ഇല്ല.

കൊട്ടർകോണം കളത്തിന്റെ നവീകരണം

204 (905) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ബഹുവിഭവ വികസപമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ കൊട്ടർകോണം കളത്തിന്റെ നവീകരണ ശ്രവീകരണ പ്രവർത്തികൾക്കായി എന്ത് തുക ചെലവഴിച്ചുവെന്നും പ്രസ്തുത കളത്തിന്റെ നവീകരണ ശ്രവീകരണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വിശദമാക്കുമോ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിലെ കൊട്ടർകോണം കളത്തിന്റെ ശ്രവീകരണ പ്രവൃത്തികൾക്കായി 92,626 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റേതല്ലാത്ത ചില തടസ്സങ്ങൾ നേരിട്ടതിനാൽ പ്രസ്തുത പ്രവൃത്തി ഫോർക്ലോസ് ചെയ്തിരിക്കുകയാണ്. പുതുക്കിയ എസ്റ്റിമേറ്റ് വകുപ്പ് തലത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിളിമാനൂർ, മടവൂർ, പഴയകുന്നുമ്മേൽ പഞ്ചായത്തുകളിലെ സമഗ്ര കുടിവെള്ള പദ്ധതി

205 (906) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുവിഭവ വികസപമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, മടവൂർ, പഴയകുന്നുമ്മേൽ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങളാണ് ബാക്കിയുള്ളത് എന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി 2016 മാർച്ച് 31-ന് മുൻപ് കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly